(ഇ) ഏതെല്ലാം മത തീവ്രവാദ സംഘടനകളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്; ഇവയ്ക്ക് ലഭിക്കുന്ന വിദേശസഹായത്തെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(എഫ്) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഏതെല്ലാം മതസാമൂഹ്യ സാംസ്കാരിക സംഘടനകൾക്കാണ് വിദേശ ധനസഹായം ലഭിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ—എഫ്) വിവരം ശേഖരിച്ചു വരുന്നു.

പി.എസ്.സി. ഇന്റർവ്യൂവിന്റെ കാലതാമസം

* 26 [176] ശ്രീ. തോമസ് ചാഴികാടൻ:

,, കെ. നാരായണക്കുറുപ്പ്:

,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. അംഗങ്ങളുടെ കുറവു മൂലം ഇന്റർവ്യൂ യഥാസമയം നടക്കാത്തതിനാൽ നിയമനങ്ങൾ വൈകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എഴുത്തുപരീക്ഷ കഴിഞ്ഞതും എന്നാൽ ഇന്റർവ്യൂ യഥാസമയം നടക്കാത്തതുമായ നിയമനങ്ങൾക്ക് കാലതാമസം നേരിട്ട പ്രധാനപ്പെട്ട തസ്തികകൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(സി) കാലതാമസം ഒഴിവാക്കി നിയമനങ്ങൾ യഥാസമയം നടത്തുന്നതിന് വേണ്ട അടിയന്തിര നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) ഇല്ല.

(ബി ആന്റ് സി) ഇന്റർവ്യൂ യഥാസമയം തന്നെ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഉദ്യോഗാർത്ഥികളെ നിയമനത്തിനായി ശുപാർശ ചെയ്തു വരുന്നതായി പി. എസ്. സി. അറിയിച്ചിട്ടുണ്ട്.

വയൽ നികത്തലും പാറപൊട്ടിക്കലും നിയന്ത്രിക്കാനുള്ള നടപടികൾ

* 27 [177] ശ്രീ. എൻ. ഡി. അപ്പച്ചൻ:

,, കെ. എ. ചന്ദ്രൻ:

,, ടി. യു. രാധാകൃഷ്ണൻ:

,, എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചതുപ്പുകൾ, വയലുകൾ, വെള്ളം തങ്ങി നിൽക്കുന്ന മറ്റ് സ്ഥലങ്ങൾ എന്നിവ നികത്തുക, പാറ അനിയന്ത്രിതമായി പൊട്ടിക്കുക മുതലായ നടപടികൾ പരിസ്ഥിതിയുടെ സംതുലിതാവസ്ഥയ്ക്ക് മാറ്റം വരുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് ജലദൗർലഭ്യത്തിന് ഇടയാക്കുമോ;

(സി) എങ്കിൽ ഇത്തരം നടപടികൾ നിയമം മൂലം നിരോധിക്കാനുദ്ദേശ്യമുണ്ടോ;

(ഡി) ഇല്ലാത്തപക്ഷം ചതുപ്പുകൾ, വയലുകൾ എന്നിവ അനിയന്ത്രിതമായി നികത്തുന്നതിനേയും അനിയന്ത്രിതമായി പാറപൊട്ടിക്കുന്നതിനേയും എപ്രകാരം തടയാൻ കഴിയുമെന്ന് വിശദീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) വ്യാപകമായി ചതുപ്പുകൾ, വയലുകൾ, വെള്ളം തങ്ങിനിൽക്കുന്ന മറ്റു സ്ഥലങ്ങൾ എന്നിവ നികത്തുക, പാറ അനിയന്ത്രിതമായി പൊട്ടിക്കുക മുതലായ നടപടികൾ ഒരു പരിധിവരെ പരിസ്ഥിതിയുടെ സംതുലിതാവസ്ഥയ്ക്ക് മാറ്റം വരുത്തുവാൻ സാദ്ധ്യതയുണ്ട്.

(ബി) പരമ്പരാഗതമായി വെള്ളം കെട്ടിനിന്നു ഭൂഗർഭജലപരിപോഷണത്തിന് ഉപയുക്തമായിരുന്ന ചതുപ്പുകളും വയലുകളും മറ്റു താഴ്ന്ന സ്ഥലങ്ങളും നികത്തുന്നത് വേനൽക്കാല ജലലഭ്യത കുറയുവാൻ ഇടയാക്കുന്നു.

(സി ആന്റ് ഡി) അനധികൃതമായി നെൽവയലുകൾ നികത്തുന്നതിന് 1967-ലെ കേരളാ ഭൂവിനിയോഗ ഉത്തരവു പ്രകാരം കർശന നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് കർശനമായി നടപ്പാക്കുന്നതിന് കാലാകാലങ്ങളിൽ സർക്കാർ നിർദ്ദേശം നൽകാറുണ്ട്. അനിയന്ത്രിതമായി പാറപൊട്ടിക്കുന്നത് 1967-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം നിരോധിച്ചിട്ടുണ്ട്. ദി ഗ്രാനൈറ്റ് കൺസർവേഷൻ ആന്റ് ഡെവലപ്പ്മെന്റ് റൂൾസ് 1999 (സെക്ഷൻ 18, മൈൻസ് ആന്റ് മിനറൽസ്, റെഗുലേഷൻ ആന്റ് ഡെവലപ്പ്മെന്റ് ആക്ട് 1957) പ്രകാരം പാറ പൊട്ടിക്കൽ നിയന്ത്രിക്കുന്നതിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന് അധികാരമുണ്ട്. അവർക്ക് ആവശ്യമെന്നു കണ്ടാൽ നിരോധിക്കാവുന്നതാണ്.

മായം ചേർക്കൽ നിരോധന നിയമം

* 28 [178] ശ്രീ. കെ. വി. കുഞ്ഞിരാമൻ:

,, ടി. കെ. ബാലൻ:

,, വി. കെ. ചന്ദ്രൻ:

,, വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വെളിച്ചെണ്ണ, മുളകുപൊടി, പാൽ, നെയ്യ്, ചോക്കലേറ്റ്, പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവയിൽ മായം കലർത്തി വിൽക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly